**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1009** **02/12/2015 -ൽ മറുപടിയ്ക്ക്**

**എസ്.സി/എസ്.റ്റി വിദ്യാർത്ഥികളുടെ ബി.ഫാം. പ്രവേശനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | **ശ്രീ.എ.പി. അനിൽകുമാർ,** (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ബി.ഫാം പ്രവേശനത്തിനായി അർഹത നേടിയ എസ്.സി/എസ്.റ്റി വിദ്യാർത്ഥികളുടെ ലിസ്റ്റ്, എൽ.ബി.എസ് ഇനിയും പ്രസിദ്ധീകരിക്കാത്തതു മൂലം പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ബി.ഫാം പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ പ്രവേശന മാനദണ്ഡപ്രകാരം യോഗ്യത നേടിയ എസ്.സി/ എസ്.റ്റി അടക്കം എല്ലാ വിഭാഗക്കാരുടേയും പൊതുവായ റാങ്ക് ലിസ്റ്റും (സ്റ്റേറ്റ് മെരിറ്റ്) സംവരണാനുകൂല്യമുള്ള വിഭാഗക്കാരുടെ പട്ടിക തിരിച്ചുള്ള (കാറ്റഗറി) ലിസ്റ്റും 02/08/2015 ന് **www.lbscentre.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അത് ഇപ്പോഴും നിലവിലുള്ളതിനാൽ അപേക്ഷാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | മറ്റു വിഭാഗത്തിൽപ്പെട്ട അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് പ്രവേശനം നടത്തി മാസങ്ങൾ പിന്നിട്ടിട്ടും എസ്.സി/എസ്.ടി വിഭാഗക്കാരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ അവർക്കുള്ള അഡ്മിഷൻ യഥാസമയം ലഭിക്കാത്ത സാഹചര്യം പരിശോധിക്കുന്ന തിനും ഇതിലുണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | ബി) | എല്ലാ വിഭാഗത്തിലുംപെട്ട അർഹരായവരുടെ ലിസ്റ്റ് ഒരുമിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് യഥാസമയം അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.